ഉത്തരം

(എ) ഇല്ല.

(ബി,സി&ഡി) ബാധകമല്ല.

മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണം

81 (905) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതലപ്പൊഴി ഫിഷിംഗ് ഹാർബർ നിർമ്മാണം ഉൽഘാടനം ചെയ്തതെന്നാണ് ;

(ബി) ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതിനകം പൂർത്തീകരിച്ച നിർമ്മാണപ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതു സംബന്ധിച്ച് ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(ഡി) ബ്രേക്കു വാട്ടർ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) ബഹുമാനപ്പെട്ട ഹൈക്കോടതി ഇതു സംബന്ധിച്ച് ഏതെങ്കിലും സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ജി) . എങ്കിൽ സ്റ്റേ നീക്കം ചെയ്തുകിട്ടാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 10-5-2000-ൽ.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

(സി) 1. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ വെയ്ബ്രിഡ്ജും ബന്ധപ്പെട്ട ഓഫീസും.

2. താഴംപള്ളി ഭാഗത്തെ പുലിമുട്ടിലേക്കുള്ള അപ്രോച്ച് റോഡ്.

(ഡി) ഇല്ല.

(ഇ) ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ.

(എഫ്) ഉണ്ട്.

(ജി) പ്രതിവാദപത്രിക സമർപ്പിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly